LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റൻറന്മാർ

*൧൧൪൩. (൧൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സെൻസസ്സ് മേലധികാരിയുടെ കീഴിൽ ഓരോ താലൂക്കിലേയ്ക്കും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റൻറന്മാരെ നിയമിക്കുകയുണ്ടായോ;

(ബി) ആകെ എത്രപേരെ നിയമിച്ചു;

(സി) എന്നാണ് അവരെ നിയമിച്ചത്;

(ഡി) എന്നുമുതൽ അവരുടെ ജോലി ആരംഭിച്ചു;

(ഇ) കഴിഞ്ഞ നവമ്പർ മാസാവസാനത്തിനുമുമ്പു അവരിൽ ഓരോരുത്തരും ചെയ്തതീർത്ത ജോലിയുടെ അളവും രൂപവും എന്ത്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി,-സി, ഡി, ഇ) എ. യുടെ ഉത്തരത്തിൽനിന്നും ഈചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എന്നുമറേറാറന്മാർ സെൻസസ് എടുത്തു സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവൺമെൻറിനു പരാതി കിട്ടിയിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഡിപ്പാർട്ടുമെൻറിനു് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: സെൻസസ് കമ്മീഷണർക്ക് കിട്ടിയ ഒരു പരാതി അന്വേഷണം നടത്തിയതിൽ വ്യാജമാണെന്നു കണ്ടിട്ടുണ്ട്.

നൂൽവിതരണം

*൧൧൪൪. (൧൫) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നമ്മുടെ സ്റ്റോറിൽ കൈത്തറി നെയ്ത്തുകാർക്കും വല കെട്ടുന്നവർക്കും ഓരോ മാസത്തിലും ആവശ്യമുള്ള നൂലിൻറെ അനുപാതം കണക്കാക്കിയിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച അനുപാതം അനുസരിച്ചാണോ ഓരോ മാസത്തിലും നൂൽ വിതരണം ചെയ്യുന്നത്;

(സി) നൂൽ നിയന്ത്രണം വീണ്ടും എടുത്തുകളഞ്ഞതിനുശേഷം ഒരിക്കൽപോലും നൂൽവിതരണം നടത്തപ്പെട്ടിട്ടില്ലാത്ത എത്ര മത്സ്യവ്യവസായകേന്ദ്രങ്ങൾ ഉണ്ട്;

(ഡി) നൂൽക്ഷാമംമൂലം പഴകിപ്പോയ വലകൾക്കു പകരം വലയുണ്ടാക്കാൻ സാധിക്കുന്നില്ല എന്നു കാണിച്ചു എത്ര പരാതികൾ കിട്ടിയിട്ടുണ്ട്;

(ഇ) വലകളുടെ കുറവുമൂലം മത്സ്യോല്പാദനം എത്രമാത്രം കുറയുമെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നത്?

വിദ്യാഭ്യാസവും, മത്സ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അനുപാതം കണക്കാക്കിവരികയാണ്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) നൂൽനിയന്ത്രണം എടുത്തുകളഞ്ഞതിനുശേഷം കോയിവിള മത്സ്യവ്യവസായ കേന്ദ്രത്തിൽമാത്രം നൂൽവിതരണം നടത്തിയിട്ടില്ല.

(ഡി) എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

(ഇ) വലകളുടെ ക്ഷാമംമൂലം മത്സ്യോല്പാദനം എത്രമാത്രം കുറയുമെന്നു കണക്കാക്കിയിട്ടില്ല.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: ചങ്ങനാശ്ശേരി താലൂക്കിൽ നൂൽ കിട്ടിയിട്ടില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ലഭിച്ചിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: നൂൽ വിതരണം ചെയ്യുന്നതിനു ആരെയാണു് ഏല്പിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഫിഷർമെൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെയാണു് ഏല്പിക്കുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: എന്തടിസ്ഥാനത്തിലാണു് നൂൽ വിതരണം ചെയ്യുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആകപ്പാടെ വരുന്ന കോട്ടയുടെ അടിസ്ഥാനത്തിലാണു് വിതരണം ചെയ്യുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അപ്പോഴപ്പോൾ കിട്ടുന്ന നൂല് ഫിഷറി സൂപ്രണ്ടിന്റെ നിർദ്ദേശമനുസരിച്ചാണൊ വിതരണം നടത്തുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെതന്നെയാണു് വിതരണം നടത്തുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഗ്രോമോർ ഫണ്ട് സ്കീമിന്റെ കീഴിൽ പ്രത്യേകമായി ഒരു കോട്ടാ തരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അറിവില്ല.

Sri. P. S. Nataraja Pillai: May I know whether the Indian Textile Commissioner at Bombay had ear-marked 150 bales of yarn for fishing purposes during 1947—1948?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അനുവദിച്ചിരുന്നതായി എനിക്കറിയാം.

ശ്രീ. പി. കെ. ഡിവർ: പുതുതായി എത്ര വലകളുടെ ആവശ്യമുണ്ടെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഫിഷറി സൂപ്രണ്ടു് കണക്കെടുത്തുവരികയാണു്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽഅസീസ്: സഹകരണ സംഘങ്ങളും ഇല്ലാത്ത സ്ഥലത്തു് നൂൽ വിതരണം ചെയ്യുന്നതിനു് ഏർപ്പാട് ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സഹകരണസംഘങ്ങളും ഇല്ലാത്തിടത്തു് ഡിസ്ട്രിക്ട്മെന്റു് നേരിട്ടു വിതരണം നടത്തുന്നുണ്ടു്.

ശ്രീ. പി. കെ. ഡിവർ: പഴകിപ്പോയ വലകളുടെ സ്ഥാനത്തു പുതിയ വലകൾ ഉണ്ടാക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂൽ സൗജന്യനിരക്കിൽ കൊടുക്കാനൊ അല്ലെങ്കിൽ എന്തെങ്കിലും സബ്സിഡി കൊടുക്കാനൊ ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ഇതുവരെ ആലോചിച്ചിട്ടില്ല. മേൽ അങ്ങനെ ആലോചിക്കുന്നതിൽ വിരോധമില്ല.

MEMORANDUM TO THE CENTRAL GOVERNMENT

*1145. [17] **Sri. M. I. Paul:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) whether the Government have received from the Secretary to the Cochin Cocoanut Growers' Association a copy of the memorandum dated the 2nd February 1951 submitted to the Central Government:

(*b*) if so, what are the requests made in that memorandum and what action this Government have taken on those requests as far as this Government are concerned?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) Yes.

(*b*) The requests made in that memorandum are the following.—

(1) A uniform rate of land tax may be introduced throughout the State with retrospective effect from the date of integration;

(2) The amount of land revenue realised from the people of the Cochin area from the date of integration in excess of the rate of basic tax prevalent in the Travancore area may be repaid to them; and

(3) The people may be relieved from double taxation *viz.*, land tax and agricultural income tax.

As regards the first request, this Government have already announced their decision to extend the scheme of basic tax to the Cochin area also. No retrospective effect can be given to this decision. The other requests are considered not feasible.

ശ്രീ. എം. ഐ. പോൾ: ആ മെമ്മോറാണ്ടത്തിൽ കൊച്ചിയിലെ ഗവണ്മെന്റ് കടലോരപ്രദേശങ്ങളുടെ അടുത്തും കായലോരങ്ങളിലും ധാരാളം ഭൂമി കൃഷിക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്നും അതിൽ ഈ ഗവണ്മെണ്ട് അനാസ്ഥ കാണിക്കുന്നു എന്നുമുള്ള കാര്യംകൂടി കാണിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. എം. ഐ. പോൾ: ഉണ്ടെങ്കിൽ നമ്മുടെ ഗവണ്മെന്റ് ഇതുവരെ എന്തുകൊണ്ടാണ് മൗനം ദീക്ഷിച്ചത്.

ശ്രീ. എ. ജെ. ജോൺ: മുൻ കൊച്ചി ഗവണ്മെന്റ് അങ്ങനെ മൗനം ദീക്ഷിച്ചു. ഇപ്പോഴത്തെ ഗവണ്മെന്റ് അതിലേയ്ക്ക് നടപടികൾ നടത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. എം. ഐ. പോൾ: ഇൻറഗ്രേഷൻ കഴിഞ്ഞതിനുശേഷം ഞാൻ ഈ സംഗതി ഗവണ്മെണ്ടിന്റെ മുമ്പാകെ കൊണ്ടുവന്നിട്ട് അന്വേഷണം നടത്തിയോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പറ്റി ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. പി. കെ. ഡിവർ: കൊച്ചിയിൽ ബേസിക്ക് ടാക്സ് പ്രകാരം കൂടുതൽ ടാക്സ് കൊടുക്കേണ്ടിവരുമെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറഞ്ഞവരുകയുള്ളൂ.

ശ്രീ. പി. കെ. ഡിവർ: പയറുപാട്ടമുള്ള പറമ്പുടമസ്ഥന്മാർ ഇപ്പോൾ കൊടുക്കുന്നതിനേക്കാൾ കൂടുതൽ ടാക്സ് കൊടുക്കേണ്ടിവരുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly